ഉൽപ്പാദിപ്പിക്കുന്നത് ഈ മേഖലയിലാണ്. ബാക്കി മേഖലകളിൽ നെല്ല് ഉൽപ്പാദനം ചെറിയ തോതിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും ഇത് കൂടുതൽ പ്രോസ്സസ് ചെയ്യുന്നത് കാലടിയിലെ സഹകാര്യ മില്ലുകളുമായി ബന്ധപ്പെട്ട കരാറിന്റെ അടിസ്ഥാനത്തിലായതുകൊണ്ട് വിദൂര പ്രദേശങ്ങളിൽനിന്നും പ്രത്യേകിച്ച് കാസർഗോഡ്, കണ്ണൂർ മേഖലകളിൽനിന്ന് നെല്ല് സംഭരിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷന് ട്രാൻസ്പോർട്ടിംഗ് ചാർജ്ജെല്ലാം കൊടുത്ത് കാലടിയിൽ കൊണ്ടുവന്ന് പ്രോസ്സസ് ചെയ്യുന്നതിന് സാധാരണയുള്ളതിനെക്കാൾ കൂടുതൽ പൈസ ചെലവാകുന്നുണ്ട്. നെല്ല് ദൂരെ നിന്ന് സംഭരിക്കുന്നതിന് അധിക ഹാൻഡിലിംഗ് ചാർജ്ജോ മറ്റ് സംവിധാനങ്ങളോ കേന്ദ്രഗവൺമെന്റ് അധികമായി തരുന്നില്ല. അതുകൊണ്ട് ദൂരെയുള്ള പ്രദേശങ്ങളിലെ നെല്ല് സംഭരിക്കുന്നതിന് സഹകരണ വകുപ്പുമായി ചേർന്ന് ഒരു സംവിധാനമുണ്ടാക്കാനാണ് കഴിഞ്ഞ വർഷം തീരുമാനിച്ചത്. സഹകരണ വകുപ്പ് ചില ജില്ലകളിലെല്ലാം അത്തരം സംവിധാനങ്ങൾ ഉണ്ടാക്കുകയും സംഭരിക്കുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് കണ്ണൂർ ഉൾപ്പെടെയുള്ള ജില്ലകളിൽ ആ സംഭരണമുണ്ട്. കാസർഗോഡ് ജില്ലയിൽ ആവശ്യമായ അളവിലുള്ള നെല്ലുൽപ്പാദനം വർദ്ധിച്ചു വരികയാണ്. അവിടെ ഈ വർഷത്തെ നെല്ല് സംഭരണത്തിൽ സഹകരണ മേഖലയുമായി ബന്ധപ്പെട്ട് സംഭരിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കാം.

(6) മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവനനിർമ്മാണ പദ്ധതികൾ

ശ്രീ. ജോർജ് മേഴ്സിയർ : സർ, മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കാൻ നൽകുന്നത് വെറും 75,000 രൂപ മാത്രമാണ്. അത് ഇന്നത്തെ നിലയ്ക്ക് ഒന്നരലോഡ് മണലിന്റെ വിലയാണ്. മഹാത്മാഗാന്ധി എൻ. ആർ. ഇ. ജി. പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതി, ലക്ഷം വീട് നവീകരണം ഉൽപ്പെടെയുള്ളവ ഉൾപ്പെടുത്തിയിരുന്നു. ഈ സാഹചര്യത്തിൽ മത്സ്യത്തൊഴിലാളികൾക്കായുള്ള മേൽപറഞ്ഞ പദ്ധതിയിൽ മഹാത്മാഗാന്ധി എൻ. ആർ. ഇ. ജി-യും ഉൽപ്പെടുത്തേണ്ടത് ഒരു ആവശ്യകതയാണ്. പ്രത്യേകിച്ച് എന്റെ നിയോജക മണ്ഡലത്തിലെ തീരദേശ പഞ്ചായത്തുകൾ നോക്കുമ്പോൾ പലയിടത്തും ഈ കഴിഞ്ഞ സാമ്പത്തിക വർഷം എൻ.ആർ.ഇ.ജി. നിർവ്വഹണം എന്ന് പറയുന്നത് 20-ൽ താഴെ ദിവസങ്ങളാണ്. അതിനും കൂടി ഒരു പരിഹാരമുണ്ടാക്കണം.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ് കുട്ടി) : സർ, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രവൃത്തികൾ മാത്രമേ ഈ പദ്ധതിയിൽ ഏറ്റെടുക്കാൻ കഴിയുകയുള്ളൂ. ഇതനുസരിച്ച് ഭവന നിർമ്മാണം തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമായ പ്രവൃത്തിയല്ല. എന്നാൽ ദാരിദ്യ രേഖയ്ക്ക് താഴെയുള്ളവർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ, ഇന്ദിരാ ആവാസ് യോജന ഗുണഭോക്താക്കൾ എന്നിവരുടെ ഭൂമിയിൽ ഭൂവികസന പ്രവർത്തനങ്ങൾ ചെയ്യാവുന്നതാണ്. വിവിധ ഭവന പദ്ധതികൾപ്രകാരം ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്ന വീടുകളുടെ സ്ഥലം ഒരുക്കൽ, അടിത്തറ നിർമ്മിക്കുന്നതിനുള്ള വാനം വെട്ടുക, അടിത്തറ മണ്ണിട്ട് നിറയ്ക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഭൂവികസന പ്രവർത്തനങ്ങളുടെ ഭാഗമായി നടപ്പിലാക്കാവുന്നതാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളികൾക്കായി നടപ്പാക്കുന്ന ഭവന പദ്ധതികൾക്കുവേണ്ടിയുള്ള ഭൂവികസന പ്രവർത്തനങ്ങളും തൊഴിലുറപ്പ് പദ്ധതിയിൽ അനുമതി നൽകുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

(7) ബേക്കലിൽ എയർസ്ട്രിപ്പ്

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കേരളത്തിന്റെ അഭിമാനമായ ചരിത്ര പൈതൃകമായ ബേക്കൽ കോട്ടയെ അടിസ്ഥാനമാക്കി ടൂറിസം വികസന പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിൽ എത്തിനിൽക്കുകയാണ്. 6 റിസോർട്ട് സൈറ്റുകളിൽ സ്വകാര്യ സംരംഭകരുമായി സഹകരിച്ച് റിസോർട്ട് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയാണ്. ഇതിൽ ലളിത് ഹോട്ടൽസ് ഡിസംബറിൽ ഉദ്ഘാടനം ചെയ്യപ്പെടുകയും ചെയ്തു. സംരംഭകരെല്ലാം ശക്തമായി ആവശ്യപ്പെടുന്ന കാര്യമാണ് ബേക്കലിന് പ്രയോജനപ്പെടുന്ന ഒരു എയർസ്ട്രിപ്പ് വേണമെന്നുള്ളത്. ബേക്കലിന്റെ ടൂറിസം വികസന മാസ്റ്റർ പ്ലാനിൽ ഇതിന്റെ പ്രാധാന്യം ഊന്നിപ്പറയുകയും ചെയ്തിരുന്നു. പുല്ലൂർ-പെരിയ ഗ്രാമപഞ്ചായത്തിലെ കരിങ്കുണ്ട് എന്ന സ്ഥലത്ത് എയർസ്ട്രിപ്പിന് ആവശ്യമായ, സൗകര്യപ്രദമായ സ്ഥലം ലഭ്യമാണ്. ആകെ 80 ഏക്കർ ഭൂമിയാണ് എയർസ്ട്രിപ്പിന് ആവശ്യമായിട്ടുള്ളത്. ഇവിടെ 70 ഏക്കർ റവന്യൂ ഭൂമിയുണ്ട്. പട്ടയം നൽകിയിട്ടുണ്ടെങ്കിലും ആളുകൾ ഇനിയും പ്രയോജനപ്പെടുത്തിയിട്ടില്ലാത്ത 10 ഏക്കർ സ്ഥലം എളുപ്പത്തിൽ അക്വയർ ചെയ്ത് എടുക്കാൻ സാധിക്കും. ആവശ്യമായ 80 ഏക്കർ സ്ഥലം ലഭ്യമാക്കാൻ ആവശ്യമായിട്ടുള്ള നടപടികളെല്ലാം മുന്നോട്ട് പോകുകയും ചെയ്യുന്നുണ്ട്. അനുകൂലമായ എല്ലാ സാധ്യതകളും ഉണ്ട് എന്നുള്ളതുകൊണ്ടും ബേക്കൽ ടൂറിസം വികസനത്തിന് ഒരു എയർസ്ട്രിപ്പ് അത്യാവശ്യമാണെന്നുള്ളതുകൊണ്ടും എയർസ്ട്രിപ്പ് നിർമ്മിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാകൃഷ്ണൻ): സർ, ബേക്കൽ കടലോരം കേന്ദ്രീകരിച്ചു കൊണ്ട് അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് ബി.ആർ.ഡി.സി.-യിലൂടെ സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ബേക്കലിൽ 201 ഏക്കർ സ്ഥലം അക്വയർ ചെയ്ത് അന്താരാഷ്ട്ര നിലവാരത്തിലുള്ള ആറ് റിസോർട്ട് ഗ്രൂപ്പുകൾക്ക് കൈമാറുകയും, ഇവിടെ റിസോർട്ടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയുമാണ്. റിസോർട്ട് സൈറ്റ് നമ്പർ 6-ലെ ഭാരത് ഹോട്ടൽസ് പ്രൈവറ്റ് ലിമിറ്റഡ് ഹോട്ടലായ ലളിത് റിസോർട്ട് സ്പാ-യുടെ പ്രവർത്തനം ആരംഭിച്ചു

LIBRARY ARCHIVES Kerala Legislative Assembly